"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം- തൃശ്ശൂർ ചാവക്കാട് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ സീനിയർ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ.ജോസി തോമസ് ന് കെ.എസ്.ആർ, ഭാഗം I, ചട്ടം 98 പ്രകാരം അവശതാ അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**കൃഷി(ഇബി) വകുപ്പ്**

സ.ഉ.(സാധാ) നം.109/2025/AGRI തീയതി,തിരുവനന്തപുരം, 14-02-2025

---

പരാമർശം:-
1. ശ്രീ.ജോസി തോമസ് ന്റെ 11/03/2024 ലെ അപേക്ഷ.
2. ചാവക്കാട് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ 24/4/2024 ലെ സാക്ഷ്യപത്രം.
3. കാർഷികവികസനകർഷകക്ഷേമവകുപ്പ് ഡയറക്ടറുടെ 01.08.2024, 05/12/2024 എന്നീ തീയ്യതികളിലെ ADFW/6843/2024-SA1 നമ്പർ കത്തുകൾ.

**ഉത്തരവ്**

കാർഷിക വികസ്സന കർഷകക്ഷേമ വകുപ്പിൽ തൃശ്ശൂർ ചാവക്കാട് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ സീനിയർ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ.ജോസി തോമസ് 11.03.2024-ന് രാവിലെ ഓഫീസിലേക്ക് വരുന്ന വഴിയിൽ വെച്ച് ഉണ്ടായ ബൈക്ക് അപകടത്തെ തുർന്ന് ഡോക്ടറുടെ നിർദ്ദേശപ്രകാരം അവധിയിൽ പ്രവേശിച്ചിരുന്നു എന്നും 11.03.2024 മുതൽ 16.05.2024 വരെയുള്ള 67 ദിവസത്തേയ്ക്ക് പ്രത്യേക അവശതാ അവധി അനുവദിക്കുന്നതിനായി തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന ബന്ധപ്പെട്ട രേഖകൾ സഹിതം ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ശ്രീ.ജോസി തോമസ് അവധിക്കുശേഷം 17.05.2024-ന് തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതായി തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ടെന്നും ടിയാന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടുണ്ടെന്നും ആയതിനാൽ ടിയാന് പ്രസ്തുത കാലയളവിലേയ്ക്ക് പ്രത്യേക അവശതാ

അവധി അനുവദിക്കാവുന്നതാണെന്നുമുള്ള ശിപാർശ പരാമർശം (3) പ്രകാരം വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബൈക്ക് അപകടത്തെ തുടർന്നുള്ള ചികിത്സയുമായി ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസറുടെ പരാമർശം (2) സാക്ഷ്യപത്രം, ബന്ധപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, വകുപ്പ് ഡയറക്ടറുടെ ശിപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ, തൃശ്ശൂർ ചാവക്കാട് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ സീനിയർ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ.ജോസി തോമസ് ന് 11.03.2024-നുണ്ടായ ബൈക്ക് അപകടത്തെ തുടർന്നുള്ള ചികിത്സാർത്ഥം 11.03.2024 മുതൽ 16.05.2024 വരെ ഡ്യൂട്ടിയിൽ നിന്ന് വിട്ടുനിന്ന കാലയളവിലേയ്ക്ക് കെ.എസ്.ആർ, ഭാഗം I, ചട്ടം 98 പ്രകാരം പ്രത്യേക അവശതാ അവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മൃണാൾസെൻ എം

ഡെപ്യൂട്ടി സെക്രട്ടറി

കാർഷിക വികസ്സന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ.ജോസി തോമസ് ,സീനിയർ ക്ലർക്ക്. ( കാർഷിക വികസ്സന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ കൃഷി ഓഫീസർ,തൃശ്ശൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ,ആഡിറ്റ്, കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Divia L
Date: 14-03-2025 14:31:29

സെക്ഷൻ ഓഫീസർ